**15 -ാം കേരള നിയമസഭ**

**9 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2868** — **14-09-2023 - ൽ മറുപടിയ്ക്ക്**

**വാമനപുരം മണ്ഡലത്തിലെ കെ. എസ്. ഇ. ബി. സെക്ഷൻ ഓഫീസുകളും സമ്പൂർണ്ണ വൈദ്യുതീകരണവും**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ ഡി കെ മുരളി** | | **ശ്രീ . കെ . കൃഷ്ണൻകുട്ടി (വൈദ്യുതി വകുപ്പ് മന്ത്രി)** | |
| (എ) | വാമനപുരം മണ്ഡലത്തിൽ ഇലക്ട്രിസിറ്റി ബോർഡിന്റെ കീഴിൽ എത്ര സെക്ഷൻ ഓഫീസുകൾ പ്രവർത്തിക്കുന്നുണ്ടെന്നും ഓരോ സെക്ഷൻ ഓഫീസിന്റെയും പരിധിയിൽ എത്ര ഉപഭോക്താക്കൾ ഉണ്ടെന്നും വ്യക്തമാക്കാമോ; | (എ) | വാമനപുരം മണ്ഡലത്തിന്റെ പരിധിയിൽ 6 സെക്ഷൻ ഓഫീസുകൾ ഉണ്ട്. |

| നമ്പർ | സെക്ഷന്റെ പേര് | ഉപഭോക്താക്കളുടെ എണ്ണം |
|---|---|---|
| 1 | പാലോട് | 12998 |
| 2 | ചുള്ളിമാനൂർ | 18488 |
| 3 | പെരിങ്ങമല | 11127 |
| 4 | വെഞ്ഞാറമൂട് | 22972 |
| 5 | വാമനപുരം | 15966 |
| 6 | കല്ലറ | 24099 |

| | | | |
|---|---|---|---|
| (ബി) | കൂടുതൽ ഉപഭോക്താക്കൾ ഉള്ള സെക്ഷനുകളെ വിഭജിച്ച് പുതിയ സെക്ഷൻ ഓഫീസ് സ്ഥാപിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കാമോ; | (ബി) | പുതുതായി ഓഫീസുകൾ ആരംഭിക്കുന്നതിന് അധികമായി മാനവശേഷി ആവശ്യമായി വരുമെന്നതിനാലും പുതുതായി തസ്തികകൾ രൂപീകരിക്കുന്നതിന് തടസ്സങ്ങൾ ഉള്ളതിനാലും സെക്ഷൻ ഓഫീസുകൾ വിഭജിച്ച് പുതിയ ഓഫീസുകൾ ആരംഭിക്കുന്നത് പ്രായോഗികമല്ല. എന്നതിനാൽ ആധുനിക സാങ്കേതിക വിദ്യകൾ കൂടി ഉപയോഗപ്പെടുത്തി വൈദ്യുത സേവനങ്ങൾ മെച്ചപ്പെടുത്തുന്നതിനും സമയ ബന്ധിതമായി ലഭ്യമാക്കുന്നതിനും മുൻഗണന നൽകിക്കൊണ്ടുള്ള നടപടികളാണ് കെ.എസ്. ഇ.ബി.എൽ. നിലവിൽ സ്വീകരിച്ചു വരുന്നത്.<br><br>ഏത് ഉപഭോക്താവിനും കേരളത്തിലെ ഏതു സെക്ഷൻ ഓഫീസിലും വൈദ്യുത ബിൽ അടയ്ക്കാം എന്നുള്ള സൗകര്യത്തിനു പുറമെ സെക്ഷൻ ഓഫീസുകളെ സമീപിക്കാതെ തന്നെ വൈദ്യുതി ബില്ലുകൾ അടയ്ക്കുന്ന-തിനുള്ള e-payment സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്. പുതിയ കണക്ഷനു കൾക്കുള്ള അപേക്ഷകൾ കൂടാതെ നിലവിലുള്ള ഉപഭോക്താക്കളുടെ താരിഫ്, ഉടമസ്ഥാ വകാശം, കണക്ടഡ് ലോഡ് എന്നിവ മാറ്റുന്നതിനും മീറ്റർ മാറ്റി സ്ഥാപി ക്കുന്നതിനുമുള്ള അപേക്ഷകൾ ഓൺലൈൻ ആയി സ്വീകരിക്കുന്നതിനുള്ള സംവിധാനവും ഏർപ്പെടുത്തിയിട്ടുണ്ട്.<br><br>വൈദ്യുതി സംബന്ധമായ പരാതികൾ പരിഹരിക്കുന്നതിനു 24 മണിക്കൂറും പ്രവർത്തിക്കുന്ന കേന്ദ്രീകൃത ഉപഭോക്തൃ സേവന |

| | | | |
|---|---|---|---|
| | | | കേന്ദ്രവും 1912 എന്ന ടോൾ ഫ്രീ നമ്പറും, WhatsApp വഴി 9496001912 എന്ന നമ്പറിൽ ഉപഭോക്താക്കളുടെ പരാതി സ്വീകരിക്കു ന്നതിനുള്ള സംവിധാനവും, വൈദ്യുതി സംബന്ധമായ അപകടങ്ങളും അടിയന്തിര സാഹചര്യങ്ങളും അറിയിക്കുന്നതിന് 24 മണിക്കൂറും പ്രവർത്തിക്കുന്ന 9496061061, 9496010101 എന്നീ ഹോട്ട് ലൈൻ ഡെസ്ക് സംവിധാനവും ഏർപ്പെടുത്തിയിട്ടുണ്ട്.<br><br>സേവനമേഖല കാര്യക്ഷമമാക്കുന്നതിനായി "സേവനം വീട്ടുപടിക്കൽ" (Service at doorsteps) എന്ന പദ്ധതിയും നടപ്പിലാക്കിയിട്ടുണ്ട്. ഇത്തരത്തിൽ ഉപഭോക്താക്കൾക്ക് സെക്ഷൻ ഓഫീസുകളെ സമീപിക്കാതെ തന്നെ വിവിധ സേവനങ്ങൾ വേഗത്തിൽ ലഭ്യമാകുന്നതിനുള്ള സംവിധാനങ്ങൾ നിലവിലുണ്ട്.<br><br>എന്നിരുന്നാലും ഉണഭോക്താക്കളുടെ എണ്ണം വർദ്ധിച്ചു വരുന്ന സാഹചര്യത്തിൽ ഉപഭോക്താക്കളുടെ എണ്ണം, വൈദ്യുതി ലൈനുകളുടെ നീളം, ട്രാൻസ്ഫോർമറുകളുടെ എണ്ണം, പ്രവർത്തന മേഖലയുടെ വിസ്തീർണ്ണം എന്നിവ പരിശോധിച്ച് ഏകദേശം തുല്യത വരുത്തി സെക്ഷൻ ഓഫീസുകളെ പുനർ നിർണയിക്കുന്നതിനും സെക്ഷൻ ഓഫീസുകളെ ശാക്തീകരിക്കുന്നതിനുമായുള്ള പ്രവൃത്തികൾ കെ.എസ്.ഇ.ബി.എൽ.-ൽ നടന്നു വരുന്നുണ്ട്. നിലവിലുള്ള ഓഫീസുകളുടെ പുന:ക്രമീകരണം വഴി കാര്യക്ഷമത ഉറപ്പാക്കാനുള്ള പദ്ധതി കെ.എസ്.ഇ.ബി.എൽ.-ന്റെ പരിഗണനയിലുണ്ട്. |
| (സി) | സമ്പൂർണ്ണ വൈദ്യുതീകരണത്തിന് ശേഷം വാമനപുരം മണ്ഡലത്തിൽ വൈദ്യുതി കണക്ഷനായി പുതുതായി എത്ര അപേക്ഷകൾ ലഭിച്ചു; അപേക്ഷിച്ച എല്ലാവർക്കും കണക്ഷൻ നൽകിയിട്ടുണ്ടോ; ഇല്ലെങ്കിൽ ഏതെല്ലാം പഞ്ചായത്തുകളിൽ എത്ര അപേക്ഷകൾ പെൻഡിംഗ് ഉണ്ട്; തീർപ്പാക്കാനുള്ള അപേക്ഷകളിൽ എന്ത് നടപടി സ്വീകരിച്ചുവെന്ന് അറിയിക്കാമോ? | (സി) | സമ്പൂർണ വൈദ്യുതീകരണത്തിനു ശേഷം വാമനപുരം നിയോജക മണ്ഡലത്തിൽ 29804 അപേക്ഷകൾ ലഭിച്ചിട്ടുണ്ട്. 29802 കണക്ഷനുകൾ നൽകി. 2 എണ്ണം നൽകാനുണ്ട്. കല്ലറ ഇലക്ട്രിക്കൽ സെക്ഷനു കിഴിൽ കല്ലറ പഞ്ചായത്തിൽ ഒരു കണക്ഷന്റെ അപേക്ഷയും, വെഞ്ഞാറമൂട് സെക്ഷന്റെ കീഴിൽ നെല്ലനാട് പഞ്ചായത്തിൽ ഒരു അപേക്ഷയും തർക്കം നിലനിൽക്കുന്നതിനാൽ ബഹുമാനപ്പെട്ട തിരുവനന്തപുരം അഡീഷണൽ ഡിസ്ട്രിക്ട് മജിസ്ട്രേറ്റിന്റെ പരിഗണയിൽ ആണ്. ഉത്തരവ് ലഭിക്കുന്ന മുറയ്ക്ക് കണക്ഷൻ നൽകുന്നതാണ്. |

സെക്ഷൻ ഓഫീസർ